**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 878** **26-07-2021 - ൽ മറുപടിയ്ക്ക്**

**വിവരാവകാശ അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വിവരാവകാശ അപേക്ഷകളിന്മേൽ മറുപടി പരമാവധി വൈകിപ്പിച്ച് മാത്രം നൽകിയാൽ മതിയെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | മുട്ടിൽ മരംമുറി സംബന്ധിച്ച് വിവരാവകാശ അപേക്ഷയിൽ സമയബന്ധിതമായി മറുപടി നൽകിയതിന്റെ പേരിൽ റവന്യൂ വകുപ്പിലെ അണ്ടർ സെക്രട്ടറിയോട് നിർബന്ധിത അവധിയിൽ പ്രവേശിക്കാൻ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശം നൽകിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (സി) | എങ്കിൽ ഇപ്രകാരം നിർബന്ധിത അവധി നൽകാനുണ്ടായ കാരണം വ്യക്തമാക്കുമോ; | (സി) | ബാധകമല്ല. |
| (ഡി) | മരംമുറി വിഷയവുമായി ബന്ധപ്പെട്ട ഫയലിൽ ഭൂപതിവ് പ്രദേശത്ത് നിൽക്കുന്ന ചന്ദനമരം ഒഴികെയുള്ള രാജകീയ വൃക്ഷങ്ങൾ മുറിക്കാൻ അനുമതി നൽകി ഉത്തരവിറക്കുന്നത് ചട്ടവിരുദ്ധമാണെന്ന് ഫയലിൽ രേഖപ്പെടുത്തിയ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയത് എന്ത് മാനദണ്ഡ പ്രകാരമാണെന്ന് വ്യക്തമാക്കുമോ; | (ഡി) | മാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥലം മാറ്റിയതായി പരാതിയൊന്നും വകുപ്പിൽ ലഭിച്ചിട്ടില്ല. ഈ വിഷയത്തിൽ നിലപാടെടുത്തതിന്റെ പേരിൽ സെക്രട്ടേറിയേറ്റിൽ ഒരു ജീവനക്കാരനെതിരെയും നടപടി സ്വീകരിച്ചിട്ടില്ല. റവന്യൂ വകുപ്പിൽ മൂന്നു വർഷം സർവ്വീസ് പൂർത്തിയാക്കിയ സൂപ്പർവൈസറി കേഡറിലുള്ള എല്ലാ ഉദ്യോഗസ്ഥരെയും സ്ഥലം മാറ്റുന്നതിന് നടപടി സ്വീകരിച്ചിരുന്നു. |
| (ഇ) | മാനദണ്ഡങ്ങൾ മറികടന്ന് സർവ്വീസ് സംഘടനാ നേതാക്കൾ ഉൾപ്പെടെയുള്ളവരെ സെക്രട്ടേറിയറ്റ് ക്യാംപസിനു പുറത്തേയ്ക്ക് സ്ഥലം മാറ്റിയ നടപടി അടിയന്തരമായി മരവിപ്പിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | മാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥലം മാറ്റിയതായി പരാതിയൊന്നും വകുപ്പിൽ ലഭിച്ചിട്ടില്ല. ഈ വിഷയത്തിൽ നിലപാടെടുത്തതിന്റെ പേരിൽ സെക്രട്ടേറിയേറ്റിൽ ഒരു ജീവനക്കാരനെതിരെയും നടപടി സ്വീകരിച്ചിട്ടില്ല. റവന്യൂ വകുപ്പിൽ മൂന്നു വർഷം സർവ്വീസ് പൂർത്തിയാക്കിയ സൂപ്പർവൈസറി കേഡറിലുള്ള എല്ലാ ഉദ്യോഗസ്ഥരെയും സ്ഥലം മാറ്റുന്നതിന് നടപടി സ്വീകരിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ